### മത്സ്യത്തൊഴിലാളികളുടെ കടബാധ്യത

264(2301) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ മുഴുവൻ മത്സ്യത്തൊഴിലാളികളും അനുഭവിക്കുന്ന വലിയ കഷ്ടത പരിഗണിച്ച് മത്സ്യഫെഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽനിന്നും എടുത്ത ലോണുകളിൽ, അർഹതപ്പെട്ടവർക്ക് ആവശ്യമായ ഇളവുകൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ മുഴുവൻ മത്സ്യ തൊഴിലാളികൾക്കുംവേണ്ടി മത്സ്യഫെഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകൾക്ക് മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, ലോൺ ഡിസ്ട്രസ്സ് റിലീഫ് പദ്ധതി എന്നീ പദ്ധതികൾപ്രകാരം അർഹരായവർക്ക് ആവശ്യമായ ഇളവുകൾ നൽകിവരുന്നു.

(ബി) മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ജീവിത പ്രതിസന്ധി പഠിച്ച് പരിഹരിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

### ധനകാര്യ കമ്മീഷൻ അനുവദിക്കുന്ന തുക

265(2302) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുടെ വികസനത്തിനായി ധനകാര്യ കമ്മീഷൻ അനുവദിക്കുന്ന തുക ഫലപ്രദമായി ചെലവഴിക്കാൻ സാധിക്കാതെ വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യമേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും വികസനത്തിനായി ധനകാര്യ കമ്മീഷൻ അനുവദിച്ച തുക എത്ര ശതമാനം വീതം കഴിഞ്ഞ അഞ്ചുവർഷം ചെലവഴിക്കാൻ കഴിഞ്ഞുവെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) മത്സ്യമേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും വികസനത്തിനായി കഴിഞ്ഞ അഞ്ചുവർഷം ധനകാര്യ കമ്മീഷൻ തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) മത്സ്യത്തൊഴിലാളിക്ഷേമത്തിന് അനുവദിക്കുന്ന തുക ചെലവഴിക്കാതെ ലാപ്സാകുന്ന സാഹചര്യമുണ്ടെങ്കിൽ അതിന് ഉത്തരവാദികളാകുന്നവർക്കെതിരെ കർശനനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളി ക്ഷേമത്തിന് അനുവദിക്കുന്ന തുക ചെലവഴിക്കാതെ ലാപ്സാകുന്ന സാഹചര്യമില്ല.

**തീരദേശ പരിപാലന പദ്ധതികൾ**

266(2303) ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ് :
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തീരദേശ പരിപാലനത്തിനായി വിവിധ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പന്ത്രണ്ടായിരം കോടിയോളം രൂപയുടെ പാക്കേജ് നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിരുന്നോ; എങ്കിൽ ഏതൊക്കെ പദ്ധതികളുടെ രൂപരേഖയാണ് തയ്യാറാക്കിയതെന്ന് വിശദമാക്കാമോ?

(എ &ബി) മുൻ സർക്കാരിന്റെ കാലത്ത് ഫിഷറീസ് വകുപ്പിന് തീരദേശ പരിപാലനത്തിനായി 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ 1321.21 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 1258.52 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. തുടരെ ഉണ്ടാകുന്ന കടലാക്രമണത്തിൽനിന്നും തീരദേശത്തെ സംരക്ഷിക്കുന്നതിനായുള്ള തീരദേശ ശോഷണം കുറയ്ക്കുന്നതിനും കടലാക്രമണത്തിൽനിന്നും കരയെയും മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും സംരക്ഷിക്കുന്നതിനുമായി കിഫ്ബി ഫണ്ടുപയോഗിച്ച് 101.51 കോടി രൂപയുടെ പ്രവൃത്തികൾ മുതലപ്പൊഴി, ചേറ്റുവ, മഞ്ചേശ്വരം, തോട്ടപ്പള്ളി, കായംകുളം, കൊല്ലം-

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly